# ദേശീയ ഗോപാൽരത്ന പുരസ്കാരം – 2025

രാജ്യത്തെ തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ സംരക്ഷിക്കുന്നതിനും അവയുടെ പാലുൽപ്പാദനവും, ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുമായി, തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ പരിപാലിക്കുന്ന വ്യക്തികൾക്കും, സഹകരണ സംഘങ്ങൾക്കും പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടു കൂടി കേന്ദ്ര സർക്കാർ "ദേശീയ ഗോപാൽ രത്ന പുരസ്കാരം 2025" നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

അവാർഡ് നൽകുന്ന വിഭാഗങ്ങൾ

1. തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി ഏറ്റവും നല്ല രീതിയിൽ പരിപാലിക്കുന്ന ക്ഷീര കർഷകൻ
2. ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ (AIT)
3. ഏറ്റവും നല്ല ഡയറി കോപ്പറേറ്റീവ് / മിൽക്ക് പ്രൊഡ്യൂസർ കമ്പനി / ഡയറി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

അവാർഡ് വിവരങ്ങൾ

1. 1,3 വിഭാഗങ്ങളിലെ പുരസ്കാര വിജയികൾക്ക് ഒന്നാം സമ്മാനം 5 ലക്ഷം രൂപ, രണ്ടാം സമ്മാനം 3 ലക്ഷം രൂപ, മൂന്നാം സമ്മാനം 2 ലക്ഷം രൂപ അതോടൊപ്പം സർട്ടിഫിക്കറ്റും, മെമന്റോയും നൽകുന്നതാണ്. രണ്ടാം വിഭാഗത്തിന് (ഏറ്റവും നല്ല എ.ഐ ടെക്നീഷ്യൻ(AIT)) മെറിറ്റ് സർട്ടിഫിക്കറ്റും, മെമന്റോയും ലഭിക്കുന്നതാണ്. എന്നാൽ സമ്മാന തുക ഉണ്ടായിരിക്കുന്നതല്ല.
2. അവാർഡ് ജേതാക്കൾക്ക് യാത്രാ ബത്തയും (railway Second A/C fare), ക്ഷാമബത്തയും റീ ഇംബേഴ്സ്മെന്റായി ലഭിക്കുന്നതാണ്. സഹകരണ സംഘങ്ങൾ/മിൽക്ക് പ്രൊഡ്യൂസേർസ് കമ്പനിയെ സംബന്ധിച്ചിടത്തോളം സെക്രട്ടറി ഉൾപ്പെടെ രണ്ട് വ്യക്തികൾക്ക് റീ ഇംബേഴ്സ്മെന്റിന് അർഹതയുണ്ടായിരിക്കും.
3. സഹകരണ സംഘങ്ങൾ/മിൽക്ക് പ്രൊഡ്യൂസേർസ് കമ്പനി വിഭാഗത്തിൽപ്പെട്ട ജേതാക്കളുടെ അവാർഡ് തുക സഹകരണ സംഘങ്ങൾ/മിൽക്ക് പ്രൊഡ്യൂസേർസ് കമ്പനിയുടെ ബാങ്ക് അക്കൗണ്ടിൽ ലഭിക്കുന്നതാണ്.
4. മുൻ വർഷങ്ങളിൽ ഗോപാൽരത്ന/കാമധേനു അവാർഡ് എന്നിവയിൽ ഏതെങ്കിലും അവാർഡ് ലഭിച്ചിട്ടുള്ള കർഷകർ/ സ്ഥാപനങ്ങൾ ഗോപാൽരത്ന - 2025 പുരസ്കാരത്തിന് അപേക്ഷിക്കുവാൻ പാടുള്ളതല്ല.

യോഗ്യതാ മാനദണ്ഡങ്ങൾ

കേന്ദ്രസർക്കാർ(എൻ.ബി.എ.ജി.ആർ) അംഗീകരിച്ച തനത് ജനുസ്സിൽപ്പെട്ട കന്നുകാലികൾ (പശുക്കൾ -53 ജനുസ്സുകൾ, എരുമ – 20 ജനുസ്സുകൾ)പരിപാലിക്കുന്ന

കർഷകർക്ക് ഏറ്റവും നല്ല ക്ഷീര കർഷകനുള്ള ഗോപാൽ രത്ന പുരസ്കാരത്തിനായി അപേക്ഷിക്കാവുന്നതാണ്.

90 ദിവസത്തെ കൃത്രിമ ബീജാധാന പരിശീലനം ലഭിച്ചിട്ടുള്ള സംസ്ഥാനങ്ങളിലെയോ, കേന്ദ്ര ഭരണ പ്രദേശങ്ങളിലേയോ കന്നുകാലി വികസന ബോർഡുകൾ/മിൽക്ക് ഫെഡറേഷനുകൾ/എൻ.ജി.ഒ കൾ/മറ്റ് സർക്കാർ/സ്വകാര്യ ബീജാധാന കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്ന എ.ഐ ടെക്നീഷ്യന്മാർക്ക് ഗോപാൽരത്ന പുരസ്കാരത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്. വെറ്ററിനറി ഡോക്ടർമാരെ ഈ പുരസ്കാരത്തിന് പരിഗണിക്കുന്നതല്ല.

കുറഞ്ഞത് 50 ക്ഷീര കർഷകർ അംഗങ്ങളായുള്ളതും, ദിനം പ്രതി 100 ലിറ്റർ പാൽ ശേഖരിക്കുന്നതുമായ, കമ്പനീസ് ആക്ട്/കോപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ/മിൽക്ക് പ്രൊഡ്യൂസിംഗ് കമ്പനി/ ഡയറി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ എന്നിവയ്ക്ക് ഗോപാൽരത്ന പുരസ്കാരത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഗോപാൽ രത്ന പുരസ്കാരം 2025 – അപേക്ഷ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ

- Ministry of Home Affairs (MHA) യുടെ https://awards.gov.in എന്ന ഓൺലൈൻ അവാർഡ് പോർട്ടലിലൂടെ അപേക്ഷകർക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.
- സഹകരണ സംഘങ്ങൾ/ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ/വെറ്ററിനറി ആഫീസർമാർ തുടങ്ങിയവർ ക്ഷീര കർഷകർ/എ.ഐ ടെക്നീഷ്യന്മാർ എന്നിവരെ അപേക്ഷാ ഫോറം സമർപ്പിക്കുന്നതിന് സഹായിക്കാവുന്നതാണ്.
- **അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 15/09/2025**
- ആദ്യ രണ്ട് വിഭാഗത്തിൽപ്പെട്ട അപേക്ഷകർ അപേക്ഷകന്റെ ഫോട്ടോ അപ് ലോഡ് ചെയ്യേണ്ടതാണ്.
- മൂന്നാമത്തെ വിഭാഗത്തിലെ അപേക്ഷകർ സഹകരണ സംഘത്തിന്റെ സെക്രട്ടറി അഥവാ പ്രസിഡന്റിന്റെ ഫോട്ടോ അപ് ലോഡ് ചെയ്യേണ്ടതാണ്.
- അപൂർണ്ണമായ അപേക്ഷകൾ നിരസിക്കുന്നതാണ്. ഒരു അപേക്ഷകന് ഒരു വിഭാഗത്തിൽ ഒരു അപേക്ഷ മാത്രമേ നൽകുവാൻ പാടുള്ളൂ. ഓണലൈനായി മാത്രമേ അപേക്ഷകൾ സ്വീകരിക്കുകയുള്ളൂ.
- ആദ്യ രണ്ട് വിഭാഗത്തിൽപ്പെട്ട അപേക്ഷകർ ആധാർ നമ്പർ നിർബന്ധമായും നൽകേണ്ടതാണ്. മൂന്നാമത്തെ വിഭാഗത്തിൽപ്പെട്ട അപേക്ഷയിൽ സൊസൈറ്റി രജിസ്ട്രേഷൻ നമ്പർ, സൊസൈറ്റിയുടെ പേര്, മേൽവിലാസം (സെക്രട്ടറി സ്വയം സാക്ഷ്യപ്പെടുത്തണം), പാൻകാർഡ് നമ്പർ, സൊസൈറ്റിയുടെ ബാങ്ക് പാസ്ബുക്കിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് – (അക്കൗണ്ട് നമ്പർ,

ഐ.എഫ്.എസ്.സി, CIF നമ്പർ, സൊസൈറ്റിയുടെ പേര്, മേൽവിലാസം) എന്നിവ അപ് ലോഡ് ചെയ്യേണ്ടതാണ്.

- താൽപ്പര്യമുള്ള ക്ഷീര കർഷകർ ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി ഏറ്റവും അടുത്തുള്ള മൃഗാശുപത്രിയിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനേയോ, ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥനേയോ, ക്ഷീര സഹകരണ സംഘങ്ങളേയോ സമീപിക്കാവുന്നതാണ്.

ഗോപാൽ രത്ന പുരസ്കാരം 2025 ദേശീയ തലത്തിലാണ് നൽകുന്നത്.
ഔദ്യോഗികമായി പുരസ്കാര ജേതാക്കളെ പ്രഖ്യാപിക്കുന്നത് 25.11.2025 ആയിരിക്കും.

KERALA LIVESTOCK DEVELOPMENT BOARD 'GOKULAM' PATTOM THIRUVANANTHAPURAM

മാനേജിംഗ് ഡയറക്ടർ

**To** : കെ.എൽ.ഡി.ബി വെബ്സൈറ്റ്

**CC** : ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്, വികാസ്ഭവൻ
ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, പട്ടം
മാനേജിംഗ് ഡയറക്ടർ, കേരള കോപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ